**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **08-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് 12 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ ഗവ: ഐ.ടി.ഐ.യുടെ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ സ്തംഭനാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി പണികൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | **(എ)** കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ ഐ.ടി.ഐയിൽ നിർമ്മിച്ചുവരുന്ന പുതിയ കെട്ടിടത്തിന്റെ ആർ.സി.സി സ്ട്രക്ചർ 100% പൂർത്തീകരിച്ചിട്ടുണ്ട്. പുറം ചുമരിന്റെ പ്ലാസ്റ്ററിംഗ് പണികളും, തറ ടൈൽസ് പാകുന്ന പണികളും പുരോഗമിക്കുന്നു. ചില സാങ്കേതിക കാരണങ്ങളാൽ നിർമ്മാണത്തിന് കാലതാമസം നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും സമയബന്ധിതമായി പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ എസ്.പി.വി. ആയിട്ടുള്ള കെ.എ.എസ്.ഇ. -ൽ ടെക്നിക്കൽ കമ്മിറ്റി ഇല്ലാത്തത് മൂലം റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാവാത്തത് ഈ പ്രവൃത്തിയെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | **(ബി)** കെ.എ.എസ്.ഇ -ലെ ടെക്നിക്കൽ കമ്മിറ്റിയിലെ വിദഗ്ധരായ ചില അംഗങ്ങളുടെ വിരമിക്കൽ/ അഭാവം എന്നിവയെ തുടർന്ന് കമ്മിറ്റി പുനഃക്രമീകരിക്കുന്നതിനായുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. കമ്മിറ്റി പുനഃസംഘടിപ്പിച്ചതിന് ശേഷം പുതിയ കമ്മിറ്റി വിളിച്ചു ചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ